**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – നിയമസഭാ നിയോജക മണ്ഡലം ആസ്തി വികസന സ്കീം (2015-16)- ചൊക്കാട് ഗ്രാമ പഞ്ചായത്തിലെ ജലനിധി കുടിവെള്ള പദ്ധതിക്ക് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 153/2017/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 19/01/2017

---

പരാമർശം:- 1. ശ്രീ. എ.പി. അനിൽകുമാർ MLA മുൻ ധനകാര്യ വകുപ്പ് മന്ത്രിക്ക് നൽകിയ 11/11/2016 ലെ കത്ത്.

2. സ.ഉ.(പി)332/12/ഫിൻ തിയതി 11.06.2012.

3. പഞ്ചായത്ത് ഡയറക്ടറുടെ 27.02.2016 ലെ ജെ7-6989/14 നമ്പർ കത്ത്.

4. 12.04.2016 ലെ 33/16/ധന നമ്പർ സർക്കുലർ.

## ഉത്തരവ്

ചൊക്കാട് ഗ്രാമ പഞ്ചായത്തിലെ ജലനിധി കുടിവെള്ള പദ്ധതി ശ്രീ. എ.പി. അനിൽകുമാർ MLA യുടെ നിയമസഭാ നിയോജകമണ്ഡലം (വണ്ടൂർ) ആസ്തി വികസന സ്കീം (2015-16) മുഖേന നടപ്പിലാക്കണമെന്ന് പരാമർശം (1) പ്രകാരം ആവശ്യപ്പെടുകയും, ടി പദ്ധതിക്കുവേണ്ടി പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം പദ്ധതി സർക്കാരിന് സമർപ്പിക്കുകയുമുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2)ലെ സർക്കാർ ഉത്തരവിലെയും, പരാമർശം (4)ലെ സർക്കുലറിലെയും വ്യവസ്ഥകളും ,നിലവിലെ മറ്റ് വകുപ്പുതല മാനദണ്ഡങ്ങളും പാലിച്ച് കൊണ്ട്, ചൊക്കാട് ഗ്രാമ പഞ്ചായത്തിലെ 'ജലനിധി കുടിവെള്ള പദ്ധതി' ശ്രീ. എ.പി. അനിൽകുമാർ എം.എൽ.എ യുടെ നിയമസഭാ നിയോജകമണ്ഡലം (വണ്ടൂർ) ആസ്തി വികസന സ്കീമിൽ നിന്നും 35 ലക്ഷം രൂപ വിനിയോഗിച്ച് ടി പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു. ഇതിനായുള്ള ചെലവ് "4515-00-800-96-Projects under LAC – ADS " എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്. പദ്ധതിയുടെ ധനവിനിയോഗ സർട്ടിഫിക്കറ്റ് ഈ സാമ്പത്തിക വർഷം സർക്കാരിലേക്ക് സമർപ്പിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
സുനിൽകുമാർ എസ്.ഡി
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
പ്രസിഡന്റ്/സെക്രട്ടറി, ചൊക്കാട് ഗ്രാമ പഞ്ചായത്ത്, മലപ്പുറം
ധനകാര്യവകുപ്പ് ( 22.12.2016 ലെ NC-C1 /218/2016/ധന അനൗദ്യോഗിക കുറിപ്പ് പ്രകാരം)
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എൽ.ബി&എ/എ&ഇ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

*ഉത്തരവിൻപ്രകാരം,*

Liju

സെക്ഷൻ ഓഫീസർ